## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3157 — 19/06/2018-ൽ മറുപടിയ്ക്ക്

## ലൈഫ് ഭവനപദ്ധതി മാർഗ്ഗനിർദ്ദേശത്തിലെ അനീതി

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഷീറ്റിനാൽ മറച്ച ഷെഡ്ഡുകളിൽ താമസിക്കുന്നവരെ വീടില്ലാത്തവരെന്നും വീട് പൂർണ്ണമായും നിർമ്മിക്കാൻ യഥാർത്ഥത്തിൽ സാമ്പത്തികശേഷി ഇല്ലാതെ ഒറ്റമുറിയിൽ കിടപ്പും പാചകവും ചെയ്ത് കഴിയുന്നവരെ മേൽപ്പുര ഓട്/വാർപ്പ് ആയതിനാൽ വീടുള്ളവരായും പരിഗണിക്കുന്ന ലൈഫ് പദ്ധതി മാർഗ്ഗനിർദ്ദേശത്തിലെ അനീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ആലോചിക്കുമോ; | (എ) | നിലവിൽ ഭൂമി ഉണ്ടായിരിക്കുകയും എന്നാൽ വീട് ഇല്ലാത്തവരെയുമാണ് ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. വാസയോഗ്യമല്ലാത്തതും സുരക്ഷിതത്വമില്ലാത്തതുമായ ഭവനങ്ങളിൽ താമസിക്കുന്നവർക്ക് ലൈഫ് മിഷന്റെ വീട് അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (ബി) | കാലപ്പഴക്കത്താൽ ജീർണ്ണിച്ച് നിലംപൊത്താറായ ഓടിട്ട വീട്ടിൽ താമസിക്കുന്ന പാവപ്പെട്ടവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നവീകരിക്കാൻ ഉള്ള സഹായം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വീട് നവീകരിക്കുന്ന ഘടകം ലൈഫ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ ഭവനങ്ങളുടെ നിർമ്മാണമാണ് 2018-19 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കുന്നതിനുള്ള ഘടകം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് തുടർന്ന് നടപ്പിലാക്കുന്നതാണ്. |
| (സി) | ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ നിലവിൽ ആലോചന ഇല്ല. |

സെക്ഷൻ ഓഫീസർ.